
യാനം
ഗവ.എച്ച്.എസ്.എസ് മുപ്പത്തടം

# സന്ദേശം



പൊതുവിദ്യാലയങ്ങൾ
ഹൈടെക്
ആക്കിയതിലൂടെ നൂതന
സാങ്കേതിക വിദ്യയുടെ
ഗുണഫലങ്ങൾ
കുട്ടികളിലേക്കെത്തിക്കാൻ
സാധിക്കുന്നുണ്ട്.സ്കൂളിലെ
ഐ ടി കൂട്ടായ്മയായ
"ലിറ്റിൽ കൈറ്റ്സ്"
രണ്ടാം ബാച്ചിന്റെ സംരംഭമായ
ഡിജിറ്റൽ മാഗസിൻ "യാനം"
സാർത്ഥകമാക്കാൻ യത്നിച്ച എല്ലാ
കൈറ്റ് അംഗങ്ങൾക്കും
ആശംസയോടെ...........



ജി.അജിത കുമാരി
(എച്ച്.എം)

# സന്ദേശം



സർഗസൃഷ്ടികളുടെ പുതുപ്രതീക്ഷയായി "ലിറ്റിൽ കൈറ്റ്സ്"പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെയും പി.ടി.എ അംഗങ്ങളുടെയും ആശംസകൾ........

അബ്ദുൾ സത്താർ
(പി.ടി.എ പ്രസിഡന്റ്)



# താളുകളിലൂടെ.....

- പൂച്ചയും തത്തയും
- സ്നേഹപാഠം
- മയിൽപീലി
- പ്രളയം
- സ്വർണ്ണ പുഷ്പം
- പൈതൃക ഭൂവിലൂടെ....
- മനസ്സ്
- വാകമരച്ചോട്ടിലെ  അതിർത്തി ചേര
- ഒരു ഉത്തരേന്ത്യൻ സഞ്ചാരക്കുറിപ്പ്

## "യാനം" സാർത്ഥകമാക്കിയവർ......

സയ്യാൻ

അലൻ

മനാഫ്

നബീൽ

ആര്യശ്രീ

സൂഫിയ

അൽഫിയ

കവർ പേജ് - അമൽ,വിഷ്ണു

# പൂച്ചയും തത്തയും

ഒരിടത്തൊരിടത്ത് ഒരു ഗ്രാമത്തിൽ ഒരു പൂച്ചയും തത്തയും ഉണ്ടായിരുന്നു. അവർ അയൽക്കാരായിരുന്നു. അങ്ങനെ ഇരിക്കെ,തത്തമ്മയുടെ കുഞ്ഞുങ്ങൾക്ക് വിശന്നു. കൂട്ടിലോ ഒന്നുമില്ല. മക്കളേ, ഞാൻ ഭക്ഷണം തേടിയിട്ട് വരാം നിങ്ങൾ ഇവിടെ ഇരിക്ക്. അങ്ങനെ തത്തമ്മ തീറ്റതേടിപ്പോയി. തത്തമ്മ തീറ്റതേടിപ്പോയത് കുസൃതിക്കാരനായ പൂച്ചയുടെ വീട്ടിലെ അടുക്കളയിൽ എത്തി. അവിടെ ഒരു പാത്രത്തിൽ നിറയെ പഴങ്ങളായിരുന്നു. അതു കണ്ട തത്തമ്മയ്ക്ക് സന്തോഷമായി. കാരണം തന്റെ മക്കൾക്ക് ഈ ഭക്ഷണം കൊടുക്കാമെന്ന് വിചാരിച്ചു. തത്തമ്മ അവളുടെ ചുണ്ടിൽ ഓരോ പഴങ്ങളായി കൊത്തിയെടുത്തു. അപ്പോഴാണ് ആ കുസൃതിക്കാരനായ പൂച്ച വന്നത്. പൂച്ച ദേഷ്യത്തോടെ പറഞ്ഞു "കള്ളി തത്തമ്മേ, എന്റെ പഴം തിരിച്ചു തരൂ". പൂച്ചയോട് തത്തമ്മ പറഞ്ഞു "നീ ഈ പഴം കഴിക്കുന്നില്ലല്ലോ? പിന്നെന്തിനാ ഇത് വെറുതെ ചീത്തയാക്കി കളയുന്നത്? എനിക്ക് തന്നാൽ ഞാൻ എന്റെ മക്കൾക്കുകൊടുക്കാമായിരുന്നു". പൂച്ച പറഞ്ഞു "പഴങ്ങൾ അവിടെ വെച്ചിട്ട് നീ മര്യാദയ്ക്ക് പൊക്കോ" . അപ്പോഴാണ് പൂച്ചയെ വളർത്തിയ മുത്തശ്ശി വന്നത്. മുത്തശ്ശി പറഞ്ഞു "തത്തമ്മേ നീ ഈ പഴം കൊണ്ടുപൊക്കോളൂ". നന്ദിയുണ്ട് മുത്തശ്ശി എന്ന് പറഞ്ഞ് തത്തമ്മ കൂട്ടിലേക്ക് പോയി. അതു മാത്രമല്ല ദുഷ്ടനായ പൂച്ചയാണെന്ന് അറിഞ്ഞതോടെ മുത്തശ്ശി പൂച്ചയെ വീട്ടിൽ നിന്ന് ഒഴിവാക്കി.

ഗുണപാഠം: കൂട്ടുകാരെ നമ്മൾ മറ്റുള്ളവരുടെ വിശപ്പ്

അറിയണം.

ദിയ കെ ഷിബു(3 എ)

# സ്നേഹപാഠം

ഒരിടത്ത് ഒരു ആൺകുട്ടിയും പെൺകുട്ടിയും ഉണ്ടായിരുന്നു. ബാലുവും ലിയയും. ലിയക്ക് മൃഗങ്ങളെ ഇഷ്ടമായിരുന്നില്ല. എന്നാൽ ബാലുവിന് മൃഗങ്ങളെന്നാൽ ജീവനായിരുന്നു. ഒരു ദിവസം ലിയ കടയിൽ പോയി കുറച്ച് പലഹാരങ്ങൾ വാങ്ങിക്കൊണ്ട് വരികയായിരുന്നു. വരും വഴി ഒരു നായ അവളുടെ അടുത്തു ചെന്ന് ആ പലഹാരങ്ങൾ തരാമോയെന്ന് ചോദിക്കും പോലെ നിന്നു. അവളാണങ്കിലൊ ആ നായയെ ആട്ടി ഓടിച്ചു. അല്പം മാസങ്ങൾക്കു ശേഷം ,ലിയ നടക്കാനിറങ്ങിയതായിരുന്നു. അപ്പോൾ ഒരു വണ്ടി ചെന്ന് അവളെ ഇടിച്ചു. അവൾ തെറിച്ചു പോയി. അപ്പോൾ അവിടെ അവൾ മുമ്പൊരിക്കൽ  ആട്ടി ഓടിച്ച നായ്ക്കുട്ടി ഉണ്ടായിരുന്നു. അപകടം കണ്ടതും നായ്ക്കുട്ടി ഓടിച്ചെന്ന് അവളെ ഉണർത്താൻ ശ്രമിച്ചു. എങ്കിലും അവൾ ഉണർന്നില്ല. നായ് ഓടിപ്പോയി ഒരാളെ വിളിച്ചുകൊണ്ട് വന്നു. ബോധമില്ലാതെ കിടക്കുന്ന അവളെ കണ്ടതും അയാൾ ഒരു വണ്ടി പിടിച്ച് ആശുപത്രിയിലേക്ക് കൊണ്ടുപോയി. ബോധം വന്നപ്പോൾ നടന്നകാര്യങ്ങളെല്ലാം അവൾ അറിഞ്ഞു. ആ നായ ഇല്ലായിരുന്നെങ്കിൽ താൻ മരിച്ചു പോയേനെ എന്ന് അവൾ മനസ്സിലാക്കി. അതിനു ശേഷം അവൾ ഒരു മൃഗങ്ങളേയും ഉപദ്രവിച്ചിട്ടില്ല.

"മൃഗങ്ങളെ ഉപദ്രവിക്കരുത്. അവർ നമ്മുടെ സ്നേഹമാണ് ആവശ്യപ്പെടുന്നത് ഉപദ്രവമല്ല."

നിരവദ്യ.ഡി  (5 ബി)

# മയിൽപീലി

തുറന്ന ജാലകപ്പഴുതിലൂടെ
പാളി നോക്കുമ്പോൾ
തഴുകുന്ന പൂങ്കാറ്റ്
കവിളത്തു മുത്തമിടുന്നു
അഞ്ജന കണ്ണുള്ള കണ്ണന്റെ
മൃദു സ്പർശം പോൽ എൻ
കവിളിൽ തഴുകുമ്പോൾ
എന്തെന്നില്ലാത്തൊരനു
ഭൂതിയാണതിൻ സ്പർശം
മയിൽ നൃത്തമാടുമ്പോൾ
എൻ മനസ്സും അതിൻ താള
ത്തിനൊത്ത് ചാഞ്ചാടുന്നു
എഴുത്തിൻ മയവും താളവും
എൻ കൈകളിൽ പകർന്നുനൽകിയ
എഴുത്തോല യാണ് മയിൽപീലി.

വർഷ.എം.എസ് (10 എ)

# പ്രളയം

മുല്ലപ്പെരിയാർ ഡാം തുറന്നു
വെള്ളമിങ്ങോട്ടങ്ങടിച്ചുയർന്നു
മല വെള്ളപ്പൊക്കത്തിൻ വെള്ളവുമായി
നാശനഷ്ടം ഞങ്ങൾക്കു മുൻപിലേക്കായ്
അരുതേ മനുഷ്യാ നീ വെട്ടരുതേ
എൻ മരത്തണലിനെ വെട്ടരുതേ
പോകൂ നീ വേറെ ദൂരെയെങ്ങോ
മരമായ മൃദുവായ കാറ്റായ് നീ വാ
അരുതേ മഴയേ നീ പെയ്യരുതേ
അധികം പെരുമഴ പെയ്യരുതേ
മഴവെള്ളപ്പാച്ചിലിൻ വേഗതയും
ഡാമിലെ വെള്ളവും കുറഞ്ഞിടട്ടെ
പെരിയാറും കവിയാറായ്
മഴവെള്ളത്തിൽ ഒരു നില മുങ്ങാറായ്
മാനത്തു നോക്കി കരഞ്ഞു
ഞങ്ങൾ ഒരുപിടി സ്വപ്നങ്ങൾ
വെള്ളത്തിലായ് ആരുമില്ലാത്തോർക്ക്
തുണയായ് തമ്പുരാനേ
പാരിലേക്കൊന്നു നീ കണ്ണോടിക്കൂ
ഇവ്വുടുത്തെ ഇരുട്ടിന്ന്  കരകയറ്റി
ഞങ്ങളെ ക്യാമ്പിലെ വെളിച്ചത്തിൽ
കൊണ്ട് വിട്ടു....

ആർദ്ര സോളമൻ (8 സി)

# സ്വർണ്ണ പുഷ്പം

മഞ്ഞ ചുറ്റി തളിർ മുട്ടായി
തളിരില പോലെ നീ
കണിപറവയായി
കണ്ണന്റെ രാധ നീ
മഞ്ഞൾ നിലാവിൽ
മേഘച്ചിറകുമായി കണിക്കൊന്നയായി
പൂമഴയിൽ നന നനഞ്ഞ്
വരുമോ നീയെൻ സ്വർണ്ണപുഷ്പമേ

ഹരിപ്രിയ ഹരി.കെ
10 എ

# സ്കൂൾ പ്രതിഭകൾ



ശാസ്ത്രപ്രോജക്ട് മത്സരത്തിൽ
ദേശീയ തലത്തിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട
ബയോളജി അധ്യാപിക
ഡോ ദീപ കെ എം



## മികച്ച കായികതാരം
## കിഷൻ ചന്ദ്



അറബിക് ക്യാപ്ഷൻ
രചനയിൽ ജില്ലാ
തലത്തിലേക്ക്
തെരഞ്ഞെടുക്കപ്പെട്ട
നബീൽ മുഹമ്മദ് ടി . എ

# ശ്രീശങ്കര സംസ്കൃത സർവകലാശാല സ്കോളർഷിപ്പ് വിജയികൾ



ഗൗരി നാരായണൻ



ദേവിക ആർ നായർ

# ജില്ലാ തലതായ്ക്കോണ്ടോ മത്സരത്തിൽ സ്വർണ്ണം,വെള്ളി,വെങ്കലം മെഡലുകൾ നേടിയവർ



സാന്ദ്ര എം എസ്



അപർണ്ണ പ്രദീപ്



അശ്വനി വിജയൻ



ദിയകൃഷ്ണ

# പൈതൃക ഭൂവിലൂടെ....



പത്തുവർഷത്തോളമായി മനസ്സിലുണ്ടായിരുന്ന സ്വപ്നമായിരുന്നു ഖജുരാഹോ യാത്ര .പലപ്രാവശ്യത്തെ പ്ലാനിംഗിനുശേഷം ഒടുവിൽ അത് യാഥാർഥ്യമായി. ഒക്ടോബർ രണ്ടിന് രാവിലെ 5 .45 ന് നെടുമ്പാശ്ശേരിയിൽ നിന്നും ഞങ്ങളുടെ യാത്ര ആരംഭിച്ചു .7.35 ന് ഞങ്ങളുടെ കുടുംബം മുംബൈ എയർപോർട്ടിൽ എത്തിച്ചേർന്നു. അവിടെനിന്നും 8.45 ന് ഭോപ്പാലിലേക്ക്. ഭോപ്പാലിലെ രാജാഭോജ് എയർപോർട്ടിൽ 10.20 ന് എത്തിച്ചേർന്നു.

ടാക്സിയിൽ ഹോട്ടലിലേക്ക് നീങ്ങുമ്പോൾ എയർപോർട്ടിന് പുറത്ത് ഹിന്ദിയിൽ മനോഹരമായ എഴുതിയിരിക്കുന്നത് വായിച്ചു .'തടാകങ്ങളുടെ നാട്ടിലേക്ക് സ്വാഗതം'. അക്ഷരാർത്ഥത്തിൽ അത് ശരിയായിരുന്നു. നഗരമധ്യത്തിൽ തന്നെ വലിയ 2 തടാകങ്ങൾ ഉണ്ടായിരുന്നു. അതിൽ ഒരു കാലത്ത് അവരുടെ പ്രിയങ്കരനായിരുന്ന രാജാവിന്റെ കൂറ്റൻ പ്രതിമ തലയെടുപ്പോടെ നിന്നു.



നഗരം കാണാനിറങ്ങിയ ഞങ്ങൾ ആദ്യം നഗരത്തിൽ തന്നെയുള്ള താജ്മൽ മസ്ജിദിൽ പോയി. ഇന്ത്യയിലെ ഏറ്റവും വലിയ മുസ്ലിം പള്ളിയായ ഇത് മനോഹരവും വിശാലവുമായിരുന്നു. പിന്നീട് ജൈന ക്ഷേത്രമായ മനുഭാൻ തെക്രിയിലേക്ക് പോയി.കുന്നിൻ മുകളിലേക്കുള്ള ക്ഷേത്രത്തിലേക്ക് റോപ്പ് വേയിലൂടെയാണ് പോയത് .യാത്രയുടെ ഒന്നാം ദിവസം അങ്ങിനെ അവസാനിച്ചു.

രണ്ടാം ദിനമായ ഒക്ടോബർ മൂന്നിന് രാവിലെ ഞങ്ങൾ സാഞ്ചിയിലേക്ക് പുറപ്പെട്ടു. ഭോപ്പാലിൽ



അവിടെനിന്ന് സത്ധാരാ സ്തൂപത്തിലേക്ക് യാത്രതിരിച്ചു .കൃത്യമായ സ്ഥലം ഞങ്ങളുടെ ഡ്രൈവർക്ക് അറിയില്ലായിരുന്നു അതിനാൽ ഗൂഗിൾ തന്നെ ആശ്രയിച്ചു. 20 കിലോമീറ്റർ യാത്ര ചെയ്ത ശേഷം ഒരു കാടിന് നടുവിൽ വഴി അവസാനിച്ചു .ഗൂഗിളിന്റെ ചതിയിൽ മനം നൊന്ത് ഞങ്ങൾ തിരിച്ചു പോന്നു അതിനുശേഷം വഴി ചോദിച്ച് ഒരു വിധം സ്ഥലത്തെത്തി .കാടിനു നടുവിൽ ഒറ്റയാൻ മാരെ പോലെ നിന്ന് കൂറ്റൻ സ്തൂപങ്ങൾ സായാഹ്ന സൂര്യന്റെ മങ്ങിയ വെളിച്ചത്തിൽ എന്നിൽ അസ്വസ്ഥതയുടെ നിഴൽ പരത്തി. ഇതോടെ രണ്ടാംദിനം അവസാനിച്ചു.



മൂന്നാം ദിനമായ ഒക്ടോബർ നാലിന് രാവിലെ ഞങ്ങൾ ഭീംഭേട്കയിലേക്ക് യാത്ര തിരിച്ചു. ഭോപ്പാലിലെ റോഡുകൾ ഞങ്ങളുടെ ക്ഷമ വീണ്ടും വീണ്ടും പരീക്ഷിച്ചു കൊണ്ടിരുന്നു. പുരാതന മനുഷ്യന്റെ ആവാസസ്ഥാനം ആയിരുന്ന ഗുഹകൾ ആയിരുന്നു അവിടെ ഉള്ളത്.ഏകദേശം 750 ഓളം ഗുഹകളുണ്ട്. പലതിലും ചിത്രങ്ങൾ ആലേഖനം ചെയ്തിരുന്നു .ഏകദേശം 5000 ബി.സി കാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ട അവ വളരെ വ്യക്തവും വർണ്ണങ്ങളോടുകൂടിയവയുമാണ് .വളർത്തുമൃഗങ്ങൾ ,നായാട്ട് ,യുദ്ധം ,ആഘോഷങ്ങൾ ഇവയെല്ലാം ചിത്രീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും പുരാതനമായ ചിത്രങ്ങളാണിവ.

ഇതിനു ശേഷം ഞങ്ങൾ ഭോജ്പൂരിലേക്ക് പോയി .മധ്യപ്രദേശ് ടൂറിസം മാപ്പിൽ മുഖ്യ സാന്നിധ്യമായ ഭോജേശ്വര ക്ഷേത്രം കാലത്തെ വെല്ലുവിളിച്ചു നിൽക്കുന്ന ഒരു കൂറ്റൻ നിർമിതിയാണ്.നട്ടുച്ചയ്ക്ക് പോലും ജനനിബിഡമായിരുന്നു അവിടം.

ഇതോടെ ഭോപ്പാലിലെ ഞങ്ങളുടെ കാഴ്ചകൾ അവസാനിച്ചു .വൈകുന്നേരം ജനസാന്ദ്രമാകുന്ന ഭോപ്പാൽ നഗരവീഥികളിലൂടെ ഞങ്ങൾ രാത്രി ജീവിതം കണ്ടു നടന്നു .അവിടത്തെ ന്യൂ മാർക്കറ്റിൽ എണ്ണമറ്റ കടകളിലൂടെ ഷോപ്പിംഗ് നടത്തി.

പിറ്റേന്ന് ഒക്ടോബർ അഞ്ചിന് രാവിലെ 6 .30 ന് ട്രെയിനിൽ ഞങ്ങൾ ഖജുരാഹോയിലേക്ക് യാത്ര തിരിച്ചു .ഉച്ചയ്ക്ക് 1. 15 ന് അവിടെ എത്തിച്ചേർന്നു. ഹോട്ടലിലെത്തി ഭക്ഷണം കഴിച്ച ശേഷം ഞങ്ങൾ കാഴ്ച കാണാൻ ഇറങ്ങി.

ഖജുരാഹോയിലെ ലോകപ്രശസ്തമായ ക്ഷേത്രസമുച്ചയങ്ങൾ അതിമനോഹരമായിരുന്നു. പതിനൊന്നാം നൂറ്റാണ്ടിൽ ചന്ദേല രാജാക്കന്മാർ പണികഴിപ്പിച്ച ക്ഷേത്രങ്ങൾ ഭാരതത്തിന്റെ സമ്പന്നമായ പൈതൃകം ഉറക്കെ വിളിച്ചു പറയുന്നു .ക്ഷേത്രാങ്കണത്തിൽ ഏതോ പുരാതന നഗരത്തിലെത്തി പെട്ട അനുഭവ ലഹരിയിൽ സ്വയം മറന്നു നിന്നു.ക്ഷേത്രവും ആചാരങ്ങളും ആയി ബന്ധപ്പെട്ട് ജീവിക്കുന്ന ഗ്രാമീണരായ അവിടത്തെ ജനതയെ കാണുമ്പോൾ മറ്റേതോ യുഗത്തിൽ ജീവിക്കുന്നവരാണെന്ന് തോന്നി .ചൈനാക്കാരായ ധാരാളം സഞ്ചാരികൾ സംഘമായി എത്തിയിരുന്നു.

ഖജുരാഹോയിലെ ഏറ്റവും പഴക്കം ചെന്ന ക്ഷേത്രങ്ങളിൽ ഒന്നായ ലാൽ ഗ്രുവാ മഹാദേവ് ക്ഷേത്രത്തിലേക്കുള്ള യാത്ര അല്പം സാഹസികം ആയിരുന്നു. പ്രധാന മാർഗ്ഗങ്ങളിൽ നിന്നും ഒറ്റപ്പെട്ട ഒരു വനപ്രദേശത്ത് ആയിരുന്നു ക്ഷേത്രം.ചെളിയിലൂടെയും ചതുപ്പിലൂടെയും നടന്ന് സഞ്ചാരികൾ അധികം എത്തിച്ചേരാത്ത ആ ക്ഷേത്രത്തിൽ സാഹസികമായി ഞങ്ങളെത്തി. രണ്ടുദിവസം മതിവരുവോളം ഖജുരാഹോയിലെ കാഴ്ചകൾ കണ്ടു നടന്നു.

അവിടെ അടുത്തുള്ള വെള്ളച്ചാട്ടമായ 'റാനെഫാൾസ്" ൽ പോയി. അഗ്നിപർവ്വതസ്ഫോടന ഫലമായുണ്ടായ വിവിധ നിറത്തിലും രൂപത്തിലുമുള്ള പാറക്കെട്ടുകളാൽ സമ്പന്നമായിരുന്നു അവിടം. ഇന്ത്യയുടെ "ഗ്രാൻഡ് കാനൻ" എന്ന് ഈ സ്ഥലം അറിയപ്പെടുന്നു. ഒക്ടോബർ ഏഴിന് വൈകിട്ട് ഞങ്ങൾ അവിടെ നിന്നും ഡൽഹിയിലേക്ക് യാത്രതിരിച്ചു. രാവിലെ ഡൽഹിയിൽ എത്തിച്ചേർന്നു.



ഡൽഹിയിൽ മുഗൾ ചക്രവർത്തിയായിരുന്ന ഹുമയൂണിന്റെ ശവകുടീരം സന്ദർശിച്ചു. മുഗൾശില്പചാതുരി ഉദ്ഘോഷിക്കുന്ന മനോഹരമായ കെട്ടിടങ്ങൾ നിറഞ്ഞ വിസ്തൃതമായ ഒരു ഉദ്യാനമായിരുന്നു അത്.

ഒരാഴ്ച നീണ്ടുനിന്ന ഞങ്ങളുടെ യാത്ര അതോടെ അവസാനിച്ചു. വൈകുന്നേരത്തോടെ ഞങ്ങൾ നെടുമ്പാശ്ശേരിയിൽ തിരിച്ചെത്തി. ഓർമ്മയിൽ സൂക്ഷിക്കാൻ ഒരുപാട് ചിത്രങ്ങൾ സമ്മാനിച്ച യാത്ര അവിസ്മരണീയമായ ഒരു അനുഭവമായി മാറി.

സ്വപ്ന ജി

(എച്ച് എസ് ടി ഫിസിക്കൽ സയൻസ്)

# മനസ്സ്

വിദ്യുതൻ പൂന്തോപ്പിൽ പാറിക്കളിക്കുന്ന
പൂമ്പാറ്റയാണെൻ മാനസം
അമ്മതൻ മാറിൽ മയങ്ങുന്ന കുഞ്ഞുപോൽ
ഏകാന്തശാന്തമെൻ ചിത്തം
അറിവിന്റെ ദേവിയെ അക്ഷയമാക്കുന്ന
നേരിന്റെ കനിവാണെൻ മാനസം
ചിത്തത്തിൽ വിരിയുന്ന താമര മലരുപോൽ
ഉണർവിന്റെ നേരാണെൻ മാനസം
കണ്ണിൽ തുളുമ്പുന്ന നീർത്തുള്ളിപോലെ
കനിവിന്റെ നിനവാണെൻ മാനസം
അലയുന്ന ബാല്യങ്ങൾ അമ്മയെതിരയുമ്പോൾ
കരുണാർദ്രമാകുമെൻ മാനസം
ചെടിയിൽ ചിരിക്കുന്ന പൂപോൽ
തേനൂറും നന്മയാണെൻ മാനസം
പോരാട്ടവീറിന്റെ തീജ്വാലയേക്കാൾഎരിയുന്ന കനവാണെൻ മാനസം
റോഡിൻ നടുവിലെ പായുന്ന ഭീതിയിൽ
ചിറകടിച്ചുയരുന്നൻ മാനസം
പറക്കും തളികയിൽ കുതിക്കും നരേന്ദ്രനെ
പരിഹാസ്യമാക്കുമെൻ മാനസം
കലിതുള്ളും കോലങ്ങൾ വിറകൊള്ളുംപോലെ
രൗദ്രഭാവമാർന്നതാണൻ മാനസം
മുറിവേറ്റ പക്ഷികൾ വിലപിച്ചുവീഴുമ്പോൾ
കേഴുന്ന സ്വരമാണെൻ മാനസം
കുയിലിന്റെ നാദത്തിൽ മറുവാക്ക്ചൊല്ലുമ്പോൾ
പ്രണയത്തിൻ നിറവാർന്നെൻ ചിത്തം
പറക്കും ശലഭങ്ങൾ തീനാളമേറ്റപോൽ
ഭയാക്രാന്തമാകുമെൻ മാനസം
സാഗരവീചികൾ കരയെ പുണരുമ്പോൾ
സ്വച്ഛന്ദശാന്തമെൻ മാനസം
ആയിരം താരകൾ മിന്നിത്തിളങ്ങുന്ന
രജനിതൻ ശോഭപോൽ എൻ മാനസം
മാന്ത്രികവിദ്യകൾ മായികമാക്കുന്ന
ഐന്ദ്രജാലമെൻ മാനസം

രജനി
എച്ച് എസ് ടി ഹിന്ദി

# വാകമരച്ചോട്ടിലെ
# അതിർത്തി ചേര

വാകമരത്തിന്റെ തടിച്ച വേരിനടിയിലെ മാളത്തിൽ നിന്നും ഉച്ചവെയിൽ കനക്കുന്നതിനു മുൻപേ അതിർത്തി ചേര പതിവുപോലെ ഇരതേടി ഇറങ്ങി. സ്വർണനിറമുള്ള ഉടൽ കൊണ്ട് കറുകപുല്ലുകളെ വകഞ്ഞുമാറ്റി ചേര മുന്നോട്ട് ഇഴഞ്ഞു.അപ്പോൾ മഞ്ഞു തുള്ളികൾ പതിഞ്ഞ ഇളം പുല്ലുകളിൽ നിന്നും നനു നനുത്ത ശബ്ദം പുറത്തുവന്നു. 'എവിടെയോ പരിചിതമല്ലാത്ത ഒരാൾപെരുമാറ്റം '. അതിർത്തി ചേര ഉടൻ ഒരു വലിയ കറുകപ്പുല്ലിന്റെ മറപറ്റി തലയുയർത്തി, തന്റെ കറുത്ത നൂല് പിണഞ്ഞത് പോലുള്ള നാവ് പുറത്തേക്ക് നീട്ടി ശബ്ദം കേട്ട ഭാഗത്തേക്ക് എത്തിനോക്കി .വിശാലമായ മൈതാനത്ത് ഈയിടെ പണി തീർന്ന വലിയ സിമൻറ് കെട്ടിടത്തിനു സമീപം ഒരു ക്രൂറൻ മണ്ണുമാന്തി യന്ത്രവും പിന്നെ അതിനു ചുറ്റും കുറെ ആളുകളും.

ഇങ്ങോട്ടേക്ക് വിരൽചൂണ്ടി ആളുകൾ പരസ്പരം എന്തോ പറയുന്നുണ്ട്. അതിർത്തി ചേര പെട്ടെന്ന് പുൽ പ്പടർപ്പിനടിയിലെ ഇട വേരുകൾക്കിടയിലേക്ക് നൂണ്ട് ഇറങ്ങി. അപ്പോൾ പുൽപ്പടർപ്പിനടിയിൽ നിന്നും ഉണക്ക പുൽത്തണ്ടുകൾ ഞെരിഞ്ഞമരുന്ന ദയനീയമായ ശബ്ദം പുറത്തുവന്നു.വേരിനടിയിലെ അല്പം ഒഴിഞ്ഞ ഭാഗത്തുകൂടി ആ വലിയ കെട്ടിടത്തിന്റെ മുന്നിലെ അവശേഷിക്കുന്ന അല്പം മണ്ണിലേക്ക് അതിർത്തി ചേര ദുഃഖത്തോടെ നോക്കി.ഇവിടെ ഒരു കെട്ടിടം വരുന്നതിനുമുമ്പ് ...........ചിത്രശലഭങ്ങളും പൂത്തുമ്പികളും വട്ടമിട്ട് പറന്ന് കളിച്ച ഒരു വലിയ മൈതാനം ആയിരുന്നു ഇത് .പിന്നെ അതിർത്തിയിലുള്ള ഈ വാകമരവും അതിർത്തിക്കപ്പുറം കണ്ണുനീരുപോലത്തെ ജലാശയവും അതിനുമപ്പുറം പച്ചപിടിച്ച അനന്തതയിലേക്ക് നീണ്ടുപോകുന്ന

പൊന്തക്കാടുകളും..........വെയിൽ മങ്ങാൻ തുടങ്ങുന്ന സായാഹ്നങ്ങളിൽ കുട്ടികൾ കളിക്കുന്നതും കൂട്ടുകൂടുന്നതും വഴക്ക് ഉണ്ടാക്കുന്നതും ഒടുവിൽ ഈ വാകമരത്തണലിൽ വിശ്രമിക്കുന്നത് എല്ലാംഈ മാളത്തിൽ ഇരുന്ന് ഞാൻ സന്തോഷത്തോടെ കണ്ടിട്ടുണ്ട്. തന്നെ കണ്ടാൽ പോലും ഒരു ഉപദ്രവവും ഏൽപ്പിക്കാതെ ഇരുന്ന നല്ല കുട്ടികളൊക്കെ എവിടെയോ പോയി മറഞ്ഞു. നഷ്ടപ്പെട്ടുപോയ ഒരു വസന്തകാലത്തെ ഓർമകൾ അതിർത്തി ചേരയെ വല്ലാതെ അലട്ടി. ഉടൻ തന്നെ അതിനു സമീപം പുതുതായി കൂട്ടിയിട്ടിരിക്കുന്ന കരിങ്കല്ലിൽ ഒന്ന് ഇളകിയാടി താഴേക്ക് ഉരുണ്ട് മറ്റൊരു കല്ലിൽ താങ്ങി നിന്നു.
ചേര ഉടൻ തന്റെ നാക്ക് പുറത്തേക്കിട്ട് തല ഉയർത്താൻ ആഞ്ഞതും, ഒരു നിമിഷം തനിക്കെതിരെ നീണ്ടു വന്ന ഒരു ക്രൂരൻ മണ്ണുമാന്തിയന്ത്രത്തിന്റെ ഭീമൻ കൈകളിൽ അകപ്പെട്ടുപോയി .മണ്ണിൽ അമർത്തിക്കുത്തിയ യന്ത്രത്തിന്റെ അടിയിൽപ്പെട്ടു ചേരയുടെ വാലിന്റെ ഒരു ഭാഗം മുറിഞ്ഞുപോയി. അനിയന്ത്രിതമായ വേദന കൊണ്ട് പുളഞ്ഞ അതിർത്തിചേര അടുത്തനിമിഷം മണ്ണുമാന്തിയന്ത്രത്തിന്റെ ഭീമൻ കൈകളിൽ നിന്നും എടുത്ത് താഴേക്കു  ചാടി ജലാശയത്തിലൂടെ  നീന്തി കുറ്റിക്കാട്ടിലേക്ക്  ഇഴഞ്ഞുകയറി. അതിർത്തിചേര യുടെ രക്തം കലർന്ന്  ജലാശയത്തിലെ കുറച്ചു ജലം അപ്പോൾ തവിട്ടു നിറമായി .അപ്പോഴും കറുകപ്പുല്ലുകൾക്കിടയിൽ അറ്റുപോയ ചേരയുടെ വാൽഭാഗം അനാഥമായി കിടന്നു പിടച്ചുകൊണ്ടിരുന്നു.

ആ സായാഹ്നത്തിന്റെ നിശബ്ദമായ ഏതോ ഒരു നിമിഷത്തിൽ അതിർത്തി ചേര കുറ്റിക്കാട്ടിൽ നിന്നും പുറത്തുവന്നു .വിശപ്പും ദാഹവും സഹിച്ചു അവശനിലയിൽ ആയിപ്പോയ അതിർത്തി ചേര യുടെ ചോരപൊട്ടിയൊലിക്കുന്ന വാൽഭാഗത്തുകൂടി ഈച്ചകൾ പാറിപ്പറന്നു .തൊലിപൊട്ടി പുറത്തു വന്ന വെളുത്ത മാംസം ശവംതീനി ഉറുമ്പുകൾ കടിച്ചു പറിച്ചപ്പോൾ അതിർത്തി ചേര വേദനകൊണ്ട് പുളഞ്ഞു. മുകളിൽ നിന്നും

ചാടിയതുകൊണ്ടാകണം ചേരക്കു തന്റെ ഉടൽ ഏറെ അനക്കാൻ കഴിഞ്ഞില്ല .ഇഴയാൻ ശ്രമിച്ചപ്പോൾ ഉടൽ ആകെ ഞെരിഞ്ഞമർന്ന പോലെ തോന്നി .എങ്കിലും ആയാസപ്പെട്ട് തലയുയർത്തി ഉടൽ പതുക്കെ ചലിപ്പിച്ചു മുന്നോട്ടു ആഞ്ഞു നീങ്ങി .സർവ്വശക്തിയുമെടുത്ത് ജലാശയത്തിലൂടെ ഒരുവിധം നീന്തി കരക്കു കയറി. പക്ഷേ വർഷങ്ങളായി താൻ കാവൽ നിന്ന അതിർത്തി തനിക്ക് മുന്നിൽ കൊട്ടിയടക്കപ്പെട്ടിരിക്കുന്നുവെന്ന് അപ്പോഴാണ് ചേരക്ക് മനസ്സിലായത് .തനിക്ക് മുന്നിൽ പുതുതായി ഉയർന്ന ആ വലിയ മതിലിനു ചുറ്റും ചേര തന്റെ കണ്ണുകളോടിച്ചു .ഒടുവിൽ മതിലിനു താഴെ ജലാശയത്തിലേക്ക് കൊടുത്തിരിക്കുന്ന കൂറ്റൻ കുഴലുകളിൽ ഒന്നിലൂടെ കഷ്ടപ്പെട്ട് അകത്തുകടന്ന് തന്റെ വാസസ്ഥലം തിരയാൻ തുടങ്ങി.പക്ഷേ കറുകപുല്ലുകളും വാകമരവും തന്റെ മാളവും എല്ലാം എല്ലാം രൂപം മാറ്റപ്പെട്ട ആ കാഴ്ച കണ്ടു ചേര ഞെട്ടിപ്പോയി. തന്റെ പ്രിയപ്പെട്ട വാകമരം വെട്ടിമുറിച്ച് തുണ്ടം തുണ്ടമാക്കി കൂട്ടി വച്ചിരിക്കുന്നു .

എന്നെന്നേക്കുമായി താൻ ഇവിടെ നിന്നും പുറത്താക്കപ്പെട്ടിരിക്കുന്നു എന്ന് അതിർത്തി ചേരക്കു മനസ്സിലായി.പ്രതീക്ഷകൾ എല്ലാം നശിച്ച് എന്തുചെയ്യണമെന്നറിയാതെ തല ഉയർത്തി തന്റെ നാവ് പുറത്തേക്കിട്ടു.പക്ഷേ വേദനയുടെ കാഠിന്യത്താൽ ഉയർത്തിയ തല മണ്ണിൽ തന്നെ തങ്ങി .ആ സമയം ചേരയുടെ ശൽക്കങ്ങളിൽ മണ്ണിൽ കൂട്ടിയിരുന്ന ഈർപ്പം കലർന്ന സിമൻറ് പുരണ്ടിരുന്നു.സിമൻറ് മാംസത്തിലെ ജലം മുഴുവൻ ആവാഹിച്ചപ്പോൾ അതിർത്തി ചേരക്ക് ശ്വാസം കിട്ടാതായി. മൃതപ്രായനായ ചേര അവസാനമായി തന്റെ പ്രിയപ്പെട്ട വാകമരത്തിന്റെ തടിക്കഷണങ്ങളിലേക്ക് കയറിപ്പറ്റാൻ ഒരു ശ്രമം കൂടി നടത്തി. പക്ഷെ വാകമരത്തിൽ സ്പർശിക്കുന്നതിന് മുൻപേ അതിർത്തി ചേര ചത്തു മലർന്നു. വലിയ സിമന്റ് കെട്ടിടത്തിന്റെ ജാലകങ്ങളിൽ വെട്ടം പരന്നു.ഇരുട്ടിലൂടെ അരിച്ചിറങ്ങിയ പ്രകാശത്തിൽ അതിർത്തിചേരയുടെ കണ്ണുകൾ തിളങ്ങി.തീക്ഷ്ണമായ പ്രതിഷേധത്തിന്റെ ജ്വാലകൾ അപ്പോൾ ആ കണ്ണുകളിൽ പ്രതിഫലിച്ചു.ആ പ്രതിഫലനത്തിന് വാക്കുകളേക്കാൾ മൂർച്ചയുണ്ടായിരുന്നു.

ആശ.സി.കെ

(എച്ച് എസ് ടി മലയാളം)

# ഒരു ഉത്തരേന്ത്യൻ സഞ്ചാരക്കുറിപ്പ്

ഒത്തിരി വായിച്ചും കേട്ടും പഠിപ്പിച്ചും പരിചയമുള്ള ഇന്ത്യൻ പൈതൃക സ്മാരകങ്ങൾ ഉറങ്ങുന്ന നാട്ടിലേക്ക് ഒരു യാത്ര... എന്റെ സ്വപ്നമായിരുന്നു.2019 ഏപ്രിൽ 6 ന് ആ സ്വപ്നം സഫലമായി. രാവിലെ 7.30 നോടടുത്ത് ഞങ്ങൾ കയറിയ എയർ ഇന്ത്യൻ വിമാനം നെടുമ്പാശ്ശേരിയിൽ നിന്നും ഉയർന്നു പൊങ്ങി.ആദ്യമായി ഗഗനയാത്ര ചെയ്യുന്ന ഒരു കൊച്ചുകുട്ടിയുടെ കൗതുകം എന്നിലുണ്ടായിരുന്നു.തെല്ലു സംഭ്രമവും.മേഘക്കീറുകളെ കീറിമുറിച്ച് ഉയരങ്ങളിലേക്ക് കുതിക്കുമ്പോൾ ചെവി അടയുകയും അല്പം വേദനയും അനുഭവപ്പെട്ടു.അങ്ങനെ ഡൽഹി വിമാനത്താവളത്തിൽലേക്ക്.സമയം 11.30 a.m ചൂട് 34°c,എയർപോർട്ടിന് പുറത്തെത്തിയപ്പോൾ ഹിന്ദി മാത്രം സംസാരിക്കുന്ന ഗൈഡ് ഞങ്ങളെ സ്വാഗതം ചെയ്തു. ഞങ്ങൾക്ക് പുറപ്പെടുവാൻ തയ്യാറായി എയർ ബസ് കിടന്നിരുന്നു.ഞാൻ ആകാംക്ഷയോടെ ചുറ്റും നോക്കി,ഏറെ ജനനിബിഡമായിരിക്കും എന്നും കരുതിയ തലസ്ഥാന നഗരി ശാന്തമായി ഒഴുകുന്ന സാഗരം പോലെ കാണപ്പെട്ടു.ലഗേജുമായി ഞങ്ങൾ ഹോട്ടലിലേക്ക്....



# പ്രൗഢം രാഷ്ട്രപതി ഭവൻ




ആദ്യ സന്ദർശനം രാഷ്ട്രപതിഭവൻ ആയിരുന്നു. എഡ്‌വേർഡ് ല്യൂട്ട്യൻസിന്റെ രൂപകല്പനയുടെ ചാതുര്യം എടുത്ത് പറയേണ്ടതു തന്നെ.പ്രൗഢഗംഭിരം ആ കവാടവും അകത്തളങ്ങളും. പൂന്തോട്ടം നയനാനന്ദകരം.അകത്ത് സേവനം ചെയ്ത് നീങ്ങിയ പഴയ രാഷ്ട്രപതിമാരുടെ ചിത്രങ്ങൾ.വൈവിധ്യമാർന്ന പരവതാനികളുടെ വർണപ്പകിട്ടിൽ പ്രതാപം വിളിച്ചോതുന്ന ഡർബാർ ശോഭിച്ചു നിൽക്കുന്നു.വിശിഷ്ട വ്യക്തികൾക്ക് താമസിക്കാൻ ഉൾപ്പെടെ 340 മുറികൾ ഉണ്ടത്രെ....

യാത്ര തുടർന്നു ആഗ്രയിലേക്ക്. വഴി നീളെ ഗൈഡ് ഹിന്ദിയിൽ പറഞ്ഞു തരുന്നുണ്ടായിരുന്നു. എന്നാൽ,അതിലേറെ ചില്ലു ജാലകത്തിലൂടെ ഉത്തരേന്ത്യൻ ഗ്രാമ ഭംഗി ആസ്വദിക്കുകയായിരുന്നു ഞാൻ.  കണ്ണെത്താദൂരം വരെ പരന്നു കിടക്കുന്ന വയലേലകൾ.  പലയിടത്തും കൊയ്ത്ത് കഴിഞ്ഞ് നെല്ല് കൂട്ടിയിട്ടിരിക്കുന്നു. പാതയോരങ്ങളിൽ ഒരൊറ്റ വീടു പോലുമില്ല.  വീഥികൾ വിജനമായിരുന്നു. കത്തിയെരിയുന്ന ചൂടിലും പാടങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ കൂട്ടം. കാർഷിക സമ്പദ് വ്യവസ്ഥയുമായി ഇഴുകിച്ചേർന്ന സംസ്കാരം.

# തലയെടുപ്പോടെ താജ് എന്നപ്രേമകുടീരം

കാഴ്ചയ്ക്കപ്പുറം ഞങ്ങൾ ആഗ്രയിലെത്തി. താമസിയാതെ കൺമുന്നിൽ തലയെടുപ്പോടെ ആ വെണ്ണക്കൽ കൊട്ടാരം.വിശ്വസിക്കാനായില്ല,സ്വപ്നമോ അതോ യാഥാർത്ഥ്യമോ? ലോകാത്ഭുതങ്ങളിൽ ഒന്ന് ഭാരതമണ്ണിൽ. യമുന നദിയുടെ മാറിൽ കോറിയിട്ട ചിത്രം പോലെ, ഷാജഹാന്റെ പ്രേമ ഭാജനമായ മുംതാസിന്റെ ഓർമ്മക്കുടാരം. ചെരിപ്പ് അഴിച്ച് വച്ച് വേണം അകത്ത് പ്രവേശിക്കാൻ. കോട്ടാരത്തിനകത്ത് ഫോട്ടോ അനുവദിക്കില്ല. താജ്മഹലിൽ നിന്ന് നോക്കിയാൽ ആഗ്ര കോട്ട കാണാം. അവിടെയാണ് ഷാജഹാനെ മകൻ ഔറംഗസേബ് തടവിലിട്ടത്. താജ്മഹലിന്റെ ശില്പിയായ ഉസ്താദ് ഈസയുടെ കരവിരുതിന് എന്തൊരു വശ്യതയാണ്! ഷോപ്പിംഗിന് ശേഷം ഹോട്ടലിലേക്ക്. ഉത്തരേന്ത്യൻ ഭക്ഷണം എടുത്തു പറയേണ്ടത് തന്നെ. ചോറ്, ചപ്പാത്തി, ദാൽ കറി, സാലഡ്, സൂപ്പ് ഒപ്പം പനീർ ഇട്ട കറികളും. കടുത്ത വേനലിലും കഠിനാധ്വാനം ചെയ്യുന്ന ഉത്തരേന്ത്യൻ ഗ്രാമീണരെ നാം കണ്ടു പഠിക്കേണ്ടിയിരിക്കുന്നു. ഗാന്ധിജി പറഞ്ഞത് എത്ര സത്യം, "ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ് ".



# ഫത്തേപ്പൂർ സിക്രിയിലേക്ക്



അക്ബർ പണികഴിപ്പിച്ച ഫത്തേപ്പൂർ സിക്രിയിലേക്കാണ് പിന്നീട് പോയത്. വലിയൊരു പ്രതാപകാലത്തിന്റെ നിഴൽ വീണ ഇടനാഴിയിലൂടെ അല്പനേരം നടന്നു. അക്ബർ തന്റെ ഭാര്യമാർക്ക് പണികഴിപ്പിച്ച കൊട്ടാരങ്ങൾ ചുറ്റും തലയെടുപ്പോടെ നില്ക്കുന്നു. "ദിൻ-ഇലാഹി" എന്ന മതം സ്ഥാപിച്ച് മതമൈത്രിവിളംബരം ചെയ്ത അദ്ദേഹത്തിന് മുസ്ലീം,ഹിന്ദു, ക്രിസ്ത്യൻ എന്നീ മതവിഭാഗങ്ങളിൽപ്പെട്ട ഭാര്യമാർ ഉണ്ടായിരുന്നു. ഓരോ അന്തപുരങ്ങളും സൂര്യന്റെ അയനമനുസരിച്ച് വേനൽക്കാല വസതി,ശൈത്യകാല വസതി എന്നിങ്ങനെ ക്രമികരിച്ചിരുന്നു

# പഞ്ചനദികളുടെനാടായ പഞ്ചാബിലേക്ക്...

പിന്നീട് ഒരു ട്രെയിൻ യാത്ര, ഹരിയാനയിലൂടെ പഞ്ചാബിലേക്ക്. വിളഞ്ഞുകിടക്കുന്ന ഗോതമ്പ്പാടങ്ങൾ ആ സായന്തനയാത്രയെ പുളകം കൊള്ളിച്ചു. സുന്ദരമായ ഭാരതത്തിന്റെ സമ്പദ്വ്യവസ്ഥയുടെ നട്ടെല്ല് കൃഷി തന്നെ എന്ന് തെളിയിക്കുന്നതായിരുന്നു സ്വർണ്ണവർണ്ണമാർന്ന ആ പാടശേഖരങ്ങൾ. പഞ്ചാബിൽ എത്തിയ ഞങ്ങൾ ആദ്യം പോയത് അമൃത്സറിലെ ജാലിയൻ വാലാബാഗ് സ്മാരകം കാണുവാനാണ് ജാലിയൻ വാലാബാഗ് കൂട്ടക്കൊല

നടന്നതിന്റെ നൂറാം വാർഷികമായതിനാൽ വൻ തിരക്കായിരുന്നു. 1919 ഏപ്രിൽ 13 നായിരുന്നു ചരിത്രത്തിൽ രേഖപ്പെടുത്തിയ ആ കറുത്ത അധ്യായം പിറന്നത്. വെടിയുണ്ട ഏറ്റ ഭിത്തി അത്പോലെ തന്നെ നിലനിർത്തിയിരിക്കുന്നു. സ്മാരകത്തിൽ കെടാവിളക്ക് ജ്വലിച്ചുനില്ക്കുന്നു. അകത്ത് ശ്മശാന മൂകത. തൊട്ടടുത്ത് തന്നെയുള്ള സുവർണക്ഷേത്രം സന്ദർശിച്ച് ഞങ്ങൾ വാഗബോർഡറിലേക്ക് നീങ്ങി.

# അവിസ്മരണീയം ഈ വാഗ അതിർത്തിപരേഡ്

ശേഷം നീങ്ങിയത് ഇന്ത്യയുടേയും പാക്കിസ്ഥാന്റേയും അതിർത്തി പങ്കിടുന്ന വാഗയിലേക്ക്... ദൂരെ നിന്ന് തന്നെ കാണാം രണ്ട് രാജ്യങ്ങളുടേയും പതാക പാറിക്കളിക്കുന്നത്. സ്വദേശികളും വിദേശികളും പതാക താഴ്ത്തൽ ചടങ്ങിന് സാക്ഷ്യം വഹിക്കാൻ എത്തി. സ്റ്റേഡിയം നിറഞ്ഞു കവിഞ്ഞിരുന്നു. സമയം 5 മണി കഴിഞ്ഞു. ചടങ്ങിന് മുമ്പ് രണ്ട് രാജ്യങ്ങളിലേയും സൈനികരുടെ പ്രത്യേക പരേഡ് നടക്കും. അതിന് മുന്നോടിയായി ഭാരതപതാകയുമേന്തി ജയ് വിളിച്ച് നീങ്ങാൻ സത്രീകൾക്ക് അവസരം നല്കി. തൊണ്ടപൊട്ടുമാറ് ഉച്ചത്തിൽ ഭാരതാംബയക്ക് ജയ് വിളിച്ച് പതാകയുമേന്തി പാക്കിസ്ഥാൻ ഗേറ്റിലേക്ക് നീങ്ങുന്ന കാഴ്ച അത്യന്തം അഭിമാനകരമായിരുന്നു. അവരുടെ ആവേശം കണ്ട് നിന്നവരിലേക്കും പകർന്നു. ഞങ്ങളെല്ലാം ഒറ്റക്കെട്ടായി ഭാരതമാതാ-കീ-ജയ് എന്നാർത്തു വിളിച്ചു. ജാതിയോ, മതമോ, ദേശമോ ഞങ്ങളെ അലട്ടിയില്ല.ഇതേ


ഐക്യമാണല്ലോ വർഷങ്ങൾക്ക്മുമ്പ് ഗാന്ധിജിയുടെ കീഴിൽ ഭാരതസ്വാതന്ത്ര്യത്തിലേക്ക് നയിച്ചത്. പാക്കിസ്ഥാൻ




ബന്ദിയാക്കിയ ഇന്ത്യൻ വൈമാനികൻ വർധമാൻ അഭിനന്ദൻ കടന്നു വന്നത് ഈ വാഗ അതിർത്തിയിലൂടെയാണ്. ആരവങ്ങൾക്കൊടുവിൽ രണ്ട് രാജ്യത്തിലേയും സൈനികർ സല്യൂട്ട് നൽകി പതാക താഴ്ത്തി, പരസ്പരം ഉപചാരം ചൊല്ലി പിരിഞ്ഞു. ഒപ്പം കാണികളും. ഉത്തരേന്ത്യൻ യാത്രയിൽ ഏറെ ചാരിതാർത്ഥ്യം നല്കിയത് വാഗ അതിർത്തിയിലെ സുവർണ മുഹൂർത്തം തന്നെ. ഏറെ ഓർമ്മകൾ സമ്മാനിച്ച പൈതൃക നഗരങ്ങളോട് യാത്ര പറഞ്ഞ് എയർപോർട്ടിലെത്തി. തിരിച്ച് സ്വന്തം നാട്ടിലേക്ക്.....

ഫെമിൻ കെ എ

(എച്ച് എസ് ടി സാമൂഹ്യശാസ്ത്രം)






ബാലകൃഷ്ണൻ കതിരൂർ (ചിത്രകലാ അദ്ധ്യാപകൻ)

# വിജയോത്സവം





# ഊട്ടിയിലേക്കൊരു

# ഉല്ലാസയാത്ര...






# എസ്.പി.സി

## പ്രവർത്തനമികവുകൾ








# ട്രാഫിക്

# ബോധവൽക്കരണം






# ജൂനിയർ റെഡ് ക്രോസ്

# യൂണിറ്റ്






# വിദ്യാലയം പ്രതിഭകളോടൊപ്പം





# ശ്രദ്ധ പദ്ധതി





# ശിശുദിന ആഘോഷങ്ങൾ





# ശാസ്ത്രോത്സവം
# വിജയികൾ



# അമ്മമാരെയും സ്മാർട്ടാക്കി
# കൊച്ചു ടെക്കികൾ





# ഭക്ഷ്യമേള



# കുരുന്നുകളുടെ

# ഉല്ലാസയാത്ര





# സംസ്ഥാനതല മൽസരത്തിലേക്ക്


# തെരഞ്ഞെടുക്കപ്പെട്ട മോഡൽ പാർലമെന്റ് ടീം






# ലിറ്റിൽ കൈറ്റ്സ്
## രണ്ടാം ബാച്ച്





# നന്ദി........